**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3939** **28-06-2024 - ൽ മറുപടിയ്ക്ക്**

**കനോലി കനാൽ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കോഴിക്കോട് കനോലി കനാൽ വികസനത്തിനായി പ്രഖ്യാപിച്ച പദ്ധതി പ്രാവർത്തികമാക്കാൻ ഡി.പി.ആർ. തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പ്രാഥമിക ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പദ്ധതി നടത്തിപ്പ് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കോഴിക്കോട് - ബേക്കൽ സംസ്ഥാന ജലപാതയിലെ കല്ലായി മുതൽ എരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11.2 കി.മീ. ദൂരത്തിലുള്ള കനോലി കനാലിന്റെ വികസനത്തിനായി 1118 കോടി രൂപയുടെ കിഫ്ബി ധനസഹായ പദ്ധതി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി. (ക്വിൽ ) മുഖേന നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രാഥമിക ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. പാലങ്ങൾക്ക് വേണ്ടുന്ന ഉയരം, കനാലിന്റെ വീതി, ആഴം കൂട്ടൽ, ചെറുതും വലുതുമായി 23 പാലങ്ങളും അതിനുള്ള അപ്രോച്ച് റോഡുകളും നിർമ്മിക്കൽ, ഏറ്റെടുക്കേണ്ടി വരുന്ന ഭൂമി എന്നിവ വിശകലനം ചെയ്ത് വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ